ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സ്

# INDIAN NATIONAL TRADE UNION CONGRESS

(I N T U C)

KERALA BRANCH

Telephone : 0471 – 2501035
Web : www.intuckerala.org
Email : keralaintuc@gmail.com

**PRESIDENT:**
R.CHANDRASEKHARAN
MOB : +91 94471 57455

K. KARUNAKARAN SMARAKA
INTUC MANDIRAM
T.C 43/1027 (7), Muttathara
Paruthikuzhi, Manacaud. P.O.
Thiruvananthapuram - 695 009,
Kerala, India

**ശ്രീ. പിണറായി വിജയൻ**
ബഹു. മുഖ്യമന്ത്രി
സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

**വിഷയം:- "ആശ" ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ അംഗീകരിച്ച് നടപ്പിലാക്കേണ്ടുന്നത് സംബന്ധിച്ച് :-**

സർ,

2005 മുതൽ ദേശീയ ആരോഗ്യ പദ്ധതിയുടെ ഭാഗമായി വില്ലേജ് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അംഗീകൃത സാമൂഹ്യ ആരോഗ്യപ്രവർത്തകരാണ് ആശമാർ. 1000 ജനസംഖ്യക്ക് ഒരു ആശ എന്ന കണക്കിൽ ഇവർ നിയമിക്കപ്പെടുന്നു. പ്രത്യേക പരിശീലനം നൽകി സാമൂഹ്യക്ഷേമവകുപ്പിന് കീഴിൽ നിയമിക്കപ്പെടുന്ന ഇവർ എല്ലാവരും സ്ത്രീകളാണ്. കേരളത്തിൽ നിലവിൽ 27000 ത്തോളം ആശമാർ ഈ വിധത്തിൽ ജോലിചെയ്യുന്നു. മാതൃശിശു സംരക്ഷണം, പ്രാഥമിക വൈദ്യസഹായം, പകർച്ചവ്യാധികൾക്കെതിരെയുള്ള മുൻകരുതൽ, ജീവിതശൈലീരോഗങ്ങളെ ചെറുക്കൽ, കുടുംബാസൂത്രണത്തിന്റെ ആവശ്യകത, വകുപ്പ് നിർദ്ദേശിക്കുന്ന മറ്റ് ചുമതലകൾ എന്നിവ ആശപ്രവർത്തകരുടെ ജോലിയാണ്.

നിപ്പ, ഡെങ്കി, ചിക്കൻഗുനിയ, എംബോള, ഹൈപ്പറ്റൈറ്റിസ്, എയ്ഡ്സ്, കൊറോണ വൈറസ് തുടങ്ങിയ പല വ്യാധികളുടെയും പ്രതിരോധ പ്രവർത്തനങ്ങളിൽ ആശാ വർക്കർമാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വളരെ അഭിനന്ദാർഹമാണെന്ന് PHC മെഡിക്കൽ ഓഫീസർമാർ മുതൽ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ വരെ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. തന്റെയും, തന്റെ കുടുംബത്തിന്റെയും രോഗഭയത്തെ അവഗണിച്ചും, സാമൂഹ്യപ്രതിബന്ധത മനസ്സിലാക്കിയും ആണ് ആശമാർ ഇത്തരം ജോലിചെയ്ത് വരുന്നത്.

സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ജീവിക്കുന്നവരാണ് ആശമാരും അവരുടെ കുടുംബങ്ങളും. വളരെ തുച്ഛമായ ഓണറേറിയവും, ചില ഇൻസെന്റീവുകളും മാത്രമാണ് ഇവരുടെ കഠിനാദ്ധ്വാനത്തിന് 16 വർഷം പിന്നിട്ട ഈ മേഖലയിൽ ഇന്നും ലഭിക്കുന്നത്. കേരളത്തിൽ ജോലി ചെയ്യുന്ന ഏതൊരു തൊഴിലാളിക്കും 700 രൂപാ മിനിമം വേതനമായി

ലഭിച്ചിരിക്കണമെന്നതാണ് സർക്കാർനയം എന്ന് അങ്ങ് പ്രഖ്യാപിച്ചത് വളരെ സന്തോഷത്തോടെയാണ് ഈ വിഭാഗം ജീവനക്കാർ ശ്രവിച്ചത്. എന്നാൽ സാമൂഹ്യക്ഷേമവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഈ വിഭാഗം ജീവനക്കാർക്ക് ഈ പ്രഖ്യാപനത്തിന്റെ ഗുണഫലം ലഭിക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. ആയതിനാൽ താഴെപ്പറയുന്ന ആവശ്യങ്ങൾ അടിയന്തിരമായും ഈ വിഭാഗം ജീവനക്കാർക്ക് അനുവദിച്ച് നൽകുവാനുള്ള നടപടികൾ അങ്ങ് സ്വീകരിക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

1) നിലവിൽ ഓരോ ജീവനക്കാരിക്കും പ്രതിമാസം 6000 രൂപാ ഓണറേറിയം ആയും, 1000 രൂപ റിസ്ക് അലവൻസായും സംസ്ഥാനസർക്കാർ നൽകുമ്പോൾ, നാമമാത്ര ഇൻസെന്റീവ് കേന്ദ്രസർക്കാരും നൽകുന്നു. ഇവയെ ഏകോപിപ്പിച്ച് അങ്ങ് പ്രഖ്യാപിച്ച 700 രൂപാ ഒരു ദിവസം ആശമാർക്ക് ലഭ്യമാകുംവിധം 21000 രൂപ പ്രതിമാസ ശമ്പളമായി ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുക.

2) നിലവിലെ ഓണറേറിയവും, ഇൻസെന്റീവുകളും ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു. എല്ലാ മാസവും കൃത്യമായ ഒരു തീയതിയിൽ ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

3) ആരോഗ്യരംഗവും ആയി ബന്ധപ്പെട്ടാണ് ആശമാർ പ്രവർത്തിക്കുന്നതെങ്കിലും, തങ്ങളുടെയും കുടുംബത്തിന്റെയും ആരോഗ്യപരിപാലനം വളരെ പരിതാപകരമാണ്. ആയതിനാൽ മുഴുവൻ ആശമാരെയും ESI പദ്ധതിക്ക് കീഴിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുക.

4) എത്രവർഷം ജോലി ചെയ്താലും വെറും കൈയ്യോടുകൂടി ജോലിയിൽ നിന്നും വിരമിക്കേണ്ടുന്ന അവസ്ഥയാണ് ആശമാർക്കുള്ളത്. ആയതിനാൽ EPF, ഗ്രാറ്റുവിറ്റി പദ്ധതികൾ ആശമാർക്ക് ബാധകമാക്കുക.

5) 5 വർഷം സർവ്വീസ് പൂർത്തിയാക്കുന്ന എല്ലാ ആശമാരെയും സർക്കാർ സർവ്വീസിലെ ഏറ്റവും കുറഞ്ഞ തസ്തികയിലെ ശമ്പളവും, ആനുകൂല്യങ്ങളും നൽകി സ്ഥിരം ജീവനക്കാരായി നിയമിക്കുക.

6) ആരോഗ്യരംഗത്തെ ഒഴിവ് വരുന്ന തസ്തികകളിൽ 50% യോഗ്യരായ ആശാപ്രവർത്തകർക്ക് സംവരണം ചെയ്യുക.

7) മറ്റ് ആരോഗ്യപ്രവർത്തകർക്ക് നൽകുന്നതുപോലെ ആശമാർക്കും യൂണിഫോം അനുവദിക്കുക.

8) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ആശമാർക്കും ഭവനം ഉറപ്പ് വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.

വിശ്വസ്തതയോടെ,

**ആർ. ചന്ദ്രശേഖരൻ**
പ്രസിഡന്റ്

തിരുവനന്തപുരം
08.07.2021